**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1995** **02-02-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിലെ പത്തിയൂർ എച്ച്.എസ്സിന് അനുവദിച്ച സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന കായംകുളം നിയോജകമണ്ഡലത്തിലെ പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്. ഗ്രൗണ്ട് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ച് ജില്ലാകളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിക്ക് കായിക യുവജനകാര്യ ഡയറക്ടർ സമഗ്രഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. ഉടൻ തന്നെ സാങ്കേതികാനുമതി നല്കി ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ